**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3940** **15-07-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിയ്ക്കാമോ; | (എ) | എറണാകുളം ജില്ലയിൽ കോവിഡ് ബാധിച്ച മരിച്ചവരുടെ കുടുംബങ്ങൾക്ക് സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അടുത്ത ബന്ധുവിന് 50,000/- രൂപ അനുവദിക്കുന്നതിനായി നിലവിൽ 7516 അപേക്ഷകൾ ആണ് പോർട്ടലിൽ ലഭ്യമായിട്ടുള്ളത്. കോവിഡ് ബാധിച്ച മരണപ്പെട്ടവരുടെ ആശ്രിതർക്ക് (ബി.പി.എൽ) നൽകുന്ന പെൻഷൻ അനുവദിക്കുന്നതിനായി 1870 അപേക്ഷകൾ ആണ് പോർട്ടലിൽ ലഭ്യമായിട്ടുള്ളത് . |
| (ബി) | ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ പരിഗണിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നും അറിയിയ്ക്കാമോ; നിരസിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | കോവിഡ് ബാധിച്ച മരിച്ചവരുടെ കുടുംബങ്ങൾക്ക് 50,000/- രൂപ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നിലവിൽ 6950 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുള്ളതും , 151 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. എറണാകുളം ജില്ലയിൽ കോവിഡ് ബാധിച്ച മരണപ്പെട്ടവരുടെ ആശ്രിതർക്ക് (ബി.പി.എൽ) നൽകുന്ന പെൻഷൻ അർഹതയുള്ള അപേക്ഷകളിൽ 10 അപേക്ഷകർക്ക് 2022 മാർച്ച് മാസത്തിൽ ഒരു മാസത്തെ തുക അനുവദിച്ചിട്ടുള്ളതും മറ്റ അപേക്ഷകർക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നതും , 391 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്.<br><br>അപേക്ഷകൾ നിരസിക്കാനുള്ള കാരണങ്ങൾ :<br><br>1) ഇരട്ടിപ്പ് വന്ന അപേക്ഷകൾ<br><br>2) മരണപ്പെട്ടയാളുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിന് പകരം സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ .<br><br>3) പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടാത്ത അപേക്ഷകൾ |

| | | | |
|---|---|---|---|
| (സി) | നിരസിക്കപ്പെട്ട അപേക്ഷകൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപ്പീൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (സി) | നിരസ്സിക്കപ്പെട്ട അപേക്ഷകളിൽ പുന:പരിശോധിക്കണമെന്നു ആവശ്യപ്പെട്ട് അപ്പീൽ അപേക്ഷകൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ